**ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ അഡീഷണൽ ഡയറക്ടറുടെ**
**(പൊതുജനാരോഗ്യം) നടപടിക്രമം**

വിഷയം:- ആവഡ-ജീവനക്കാര്യം-അസിസ്റ്റന്റ് എന്റമോളജിസ്റ്റ് തസ്തികയിലെ (ജെ എച്ച് ഐ വിഭാഗം) യോഗ്യതാ ലിസ്റ്റിൽ ഉൾപ്പെടുത്തി ഉത്തരവാകുന്നു

പരാമർശം:- 1. 1.5.4.2024 തീയതിയിലെ ഈ ഓഫീസിലെ ഇതേ നം ഉത്തരവ്
2.13.3.2024 തീയതിയിലെ TSR-2174/2024/DMO(H)/A4 എന്ന കത്ത്

**ഉത്തരവ് നം : ഇജി1-21682/2023/ആവഡ : 26-06-2024**

പരാമർശം(1) പ്രകാരം അസിസ്റ്റന്റ് എന്റമോളജിസ്റ്റ് തസ്തികയിൽ (ജെ എച്ച് ഐ വിഭാഗം) അന്തിമ യോഗ്യതാ ലിസ്റ്റ് സൂചന പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടുന്നതിനായി തൃശ്ശൂർ വലപ്പാട് സാമൂഹികാരോഗ്യകേന്ദ്രത്തിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 ശ്രീ.ഉണ്ണികൃഷ്ണൻ സി ആർ 27.2.2024 തീയതിയിൽ അപേക്ഷ നൽകിയിരുന്നെങ്കിലും പ്രസ്തുത അപേക്ഷ യഥാസമയം ഈ കാര്യലയത്തിൽ ജില്ലാമെഡിക്കൽ ഓഫീസിൽ നിന്നും ലഭ്യമാക്കാത്തതിനാൽ ടി അപേക്ഷ അന്തിമ ലിസ്റ്റിൽ ഉൾപ്പെടുത്താൻ കഴിഞ്ഞില്ല. നിലവിൽ സൂചന 2 പ്രകാരമുള്ള അപേക്ഷ പരിശോധിച്ചതിൽ ടി വ്യക്തിയ്ക്ക് അസിസ്റ്റന്റ് എന്റമോളജിസ്റ്റ് ലിസ്റ്റിൽ ഉൾപ്പെടുന്നതിന് യോഗ്യതയുള്ളതിനാൽ ടി വ്യക്തിയെ പരാമർശം 1 ലിസ്റ്റിൽ റാങ്ക് നം 25എ ആയി ഉൾപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു.

ജീവനക്കാരുടെ അപേക്ഷകളുടെ അടിസ്ഥാനത്തിൽ 27.3.2019 , 13.9.2021, 27.12.2021 തീയതികളിലെ ഇജി1-80613/2021/ആവഡ എന്ന ഉത്തരവുകൾ,നോട്ടീസുകൾ എന്നിവ പ്രകാരം അസിസ്റ്റന്റ് എന്റമോളജിസ്റ്റ് തസ്തികയിലെ യോഗ്യതാലിസ്റ്റിൽ കൂട്ടിച്ചേർക്കലുകൾ നടത്തിയിട്ടുണ്ട്. അതിനുശേഷം 21.10.2023 തീയതിയിലെ നം എച്ച് 2-125/2023/ഹെൽത്ത് എന്ന സർക്കാർ കത്തിന്റെ അടിസ്ഥാനത്തിനാണ് പ്രസ്തുത കാലയളവിൽ ലഭ്യമായ എല്ലാ അപേക്ഷകളും പരിഗണിച്ച് 1.12.2023 തീയതിയിൽ ഇജി1-21682/2023/ആവഡ പ്രകാരം കരട് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ബഹു ഹൈക്കോടതി ഉത്തരവ് പ്രകാരം2000-2007,2007-2010 കാലയളവിലെ ജൂനിയർ ഹെൽ്ത്ത് ഇൻസ്പെക്ടർ തസ്തികയിലെ സീനിയോറിറ്റി പുതുക്കിയ സാഹചര്യത്തിലാണ് വീണ്ടും 22.2.2024 തീയതിയിൽ കരട് ലിസ്റ്റ് പ്രസിദ്ധീകരിക്കാനിടയായത്. ആയതിന് ശേഷം 5.4.2024 തീയതിയിലാണ് അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. ആകയാൽ അപ്പീൽ തീയതിയ്ക്കു ശേഷം വീണ്ടും അപ്പീലുകൾ സമർപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു ഇപ്രകാരം അപ്പീൽ തീയതിയ്ക്കുശേഷം ലഭിക്കുന്ന അപ്പീലുകൾ പരിഗണിക്കുന്നത് നിരവധി തർക്കങ്ങൾക്കും കോടതി വ്യവഹാരങ്ങൾക്കും ഇടയാക്കുന്നതിനാൽ ടി അപ്പീലുകൾ പരിഗണിക്കുന്നതല്ല . അപ്രകാരമുള്ള അപ്പീലുകൾ യഥാസമയം അപ്പീൽ സമർപ്പിക്കാത്ത കാരണസഹിതം സർക്കാരിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്

Signed by
Reetha K P
Date: 26-06-2024 21:07:03

**അഡീഷണൽ ഡയറക്ടർ(പൊതുജനാരോഗ്യം)**

സ്വീകർത്താവ്
ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ

പകർപ്പ്

1.എല്ലാ ജില്ലാമെഡിക്കൽ ഓഫീസർമാർക്കും

2.ഫയൽ/കരുതൽ ഫയൽ